ഇൻവെസ്റ്റിഗേഷനും വർക്ക് എക്സിക്യൂഷനും

* 294 [1019] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റിഗേഷനും വർക്ക് എക്സിക്യൂഷനും രണ്ടു പ്രത്യേക വിഭാഗങ്ങളായി തിരിക്കാനുള്ള നടപടി ഏതു ഘട്ടത്തിലായി ;

(ബി) ഇതുപോലെ റോഡ് മെയിൻറനൻസും ഒരു പ്രത്യേക വിഭാഗമാക്കാനുദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) 1968 ജൂലായിൽ ഗവൺമെൻറ് മരാമത്തു വകുപ്പിലെ 'ബി ആൻറ് ആർ' 'ഇറിഗേഷൻ' എന്നീ വിഭാഗങ്ങൾക്കു വേണ്ടി ഓരോ ഇൻവെസ്റ്റിഗേഷൻ സർക്കിൾ അനുവദിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഇൻവെസ്റ്റിഗേഷനും, വർക്ക് എക്സിക്യൂഷനും രണ്ടു പ്രത്യേക വിഭാഗങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) ഗവൺമെൻറ് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(iii) UNSTARRED QUESTIONS AND ANSWERS

വ്യവസായ വായ്പ

53 [959] ശ്രീ. കെ. ഐ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960–61 മുതൽ 1968–69 വരെയുള്ള ഓരോ വർഷവും വ്യവസായവായ്പ നൽകുന്നതിനു എത്ര രൂപാ വീതം നീക്കിവെച്ചു;

(ബി) പ്രതിവർഷം എത്ര രൂപാ വീതം ചെലവായി;

(സി) ഓരോ വർഷവും ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1960–61 രൂ. 73,70,900
1961–62 രൂ. 27,38,400
1962–63 രൂ. 58,50,000
1963–64 രൂ. 38,04,000
1964–65 രൂ. 34,23,000
1965–66 രൂ. 53,33,000
1966–67 രൂ. 40,10,000
1967–68 രൂ. 65,55,984
1968–69 രൂ. 88,58,000

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1960–61 രൂ. 57,28,541.75
1961–62 രൂ. 40,49,907.61
1962–63 രൂ. 60,40,730.05
1963–64 രൂ. 35,67,037.35
1964–65 രൂ. 34,69,695.05
1965–66 രൂ. 60,68,513.41
1966–67 രൂ. 48,84,847.61
1967–68 രൂ. 69,89,999.63
1968–69 രൂ. 91,83,795.10

(സി) ജാതി തിരിച്ചുള്ള കണക്കു ശേഖരിച്ചിട്ടില്ല.

ഗവൺമെൻറ് ക്വാർട്ടേഴ്സുകൾ

54 [963] ശ്രീ.പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ക്വാർട്ടേഴ്സുകളിൽ വാടക കൊടുത്തു താമസിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ ചിലർക്ക് വീട്ടുവാടക അലവൻസ് നിഷേധിച്ചിട്ടുള്ളതായി ഗവൺമെൻറിനറിവുണ്ടോ;

(ബി) ഇങ്ങനെ ചിലർക്കു മാത്രം ഈ അലവൻസ് നൽകാതിരിക്കുന്നതിനെ ഗവൺമെൻറിനെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ ഏവ;

(സി) ഈ വിവേചനം അവസാനിപ്പിക്കാൻ നടപടികളെടുക്കുമോ?

ഉത്തരം

(എ), (ബി), (സി) വീട്ടുവാടക അലവൻസ് നൽകുന്നതിന് ചില പരിമിതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം വാടക കൂടാതെയോ ശമ്പളത്തിൻെറ പത്തു ശതമാനത്തോളമോ, സ്റ്റാൻഡേർഡ് റെൻറു അടിസ്ഥാനത്തിലോ വാടകയ്ക്ക് ഗവൺമെൻറ് കെട്ടിടങ്ങളിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് വീട്ടുവാടക അലവൻസ് നൽകുന്നതിന് വ്യവസ്ഥയില്ല. ഇതിനു വിപരീതമായി ആർക്കെങ്കിലും വീട്ടുവാടക അലവൻസ് നൽകുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതേപ്പറ്റി അന്വേഷിക്കാം.

തൃശ്ശൂർ മുൻസിപ്പാലിറ്റിയിലെ ഇലക്ട്രിസിറ്റി ജീവനക്കാർ

55 [965] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു മന്ത്രി സദയം മറുപടിനൽകുമോ:

തൃശ്ശൂർ മുൻസിപ്പാലിറ്റിയിലെ ഇലക്ട്രിസിറ്റി ജീവനക്കാർ ഉന്നയിച്ച പ്രശ്നങ്ങളുടെ പരിഹാരത്തിനായി മന്ത്രി നടത്തിയ ഒത്തുതീർപ്പു ശ്രമങ്ങൾ ഏതുവിധത്തിലാണു കലാശിച്ചതെന്ന് പറയാമോ?

ഉത്തരം

കഴിഞ്ഞമാസം 22, 23 എന്നീ തീയതികളിൽ നടന്ന ഒത്തുതീർപ്പു സംഭാഷണങ്ങളിൽ തൊഴിലാളികൾ ഉന്നയിച്ച പല ആവശ്യങ്ങളും അംഗീകരിക്കപ്പെട്ടു. ശേഷിക്കുന്നവ മുൻസിപ്പൽ കൗൺസിൽ ആദ്യം പരിശോധിക്കുക, പിന്നീട് ഗവൺമെൻറ് അതേപ്പറ്റി തീരുമാനിക്കുക എന്ന അടിസ്ഥാനത്തിലാണ് ഒത്തുതീർപ്പു ശ്രമങ്ങൾ അവസാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly